LIBRARY ARCHIVES Kerala Legislative Assembly

കോർപ്പസ് ഫണ്ടിനത്തിൽ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ കടിവെള്ള പദ്ധതികൾ

321(2790) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിൽ എത്ര കടിവെള്ള പദ്ധതികൾ നടപ്പിലാക്കി;

(ബി) ഇതിനായി ആകെ എത്ര കോടി രൂപ നീക്കിവച്ചു; എത്ര തുക ചെലവഴിച്ചു ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2014-15 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് കടിവെള്ള പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചത്; ഇതിനായി എത്ര തുക നീക്കിവച്ചു; ഏതെല്ലാം പദ്ധതികൾ ആരംഭിച്ചു; പ്രസ്തുത ഇനത്തിലെ ചിലവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിൽ 86 കടിവെള്ള പദ്ധതികൾ നടപ്പിലാക്കി.

(ബി) അനുബന്ധം ആയി ചേർക്കുന്നു.*

(സി) അനുബന്ധം ആയി ചേർക്കുന്നു.*

പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ

322(2791) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ തിങ്ങിപ്പാർക്കുന്നതും 2.5 കി.മീ. ചുറ്റളവിനുള്ളിൽ മറ്റ് ആരോഗ്യ സംവിധാന കേന്ദ്രങ്ങൾ നിലവിലില്ലാത്തതുമായ 29 പട്ടികജാതി കോളനികളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് 2011-12 സാമ്പത്തിക വർഷം ഹോമിയോപ്പതി ഡയറക്ടർ ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. അപ്രകാരം ആരംഭിച്ച ഹോമിയോ ഹെൽത്ത് സെന്ററുകൾ പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. 2011-12-നുശേഷം പുതിയ ഹോമിയോ ഹെൽത്ത് സെന്ററുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) (1) ഹോമിയോ ചികിത്സ രോഗികളായ പട്ടികജാതിക്കാർക്ക് ലഭ്യമാക്കുക.

(2) പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് തടയുക.

(3) വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം നൽകുക.

(4) മദ്യപാനം, പുകവലി, വെറ്റിലമുറുക്ക് എന്നിവയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് അവബോധം, ചികിത്സ എന്നിവ നൽകൽ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്.

(സി) 2011-12 സാമ്പത്തിക വർഷം ഹോമിയോപ്പതി ഡയറക്ടർ 29 ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ച പ്രോജക്ട് അംഗീകരിക്കുകയും അവയുടെ നടത്തിപ്പിനായി 165.93 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. കൂടാതെ പ്രസ്തുത വർഷം ഹോമിയോ ഹെൽത്ത് സെന്ററുകൾക്കാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനും 35.96 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2013-14 വർഷം പ്രസ്തുത ഹോമിയോ ഹെൽത്ത് സെന്ററുകളുടെ തുടർപ്രവർത്തനങ്ങൾക്കായി 189.08 ലക്ഷം രൂപയും 2014-15 വർഷം206.48 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

GPM. 2/242/2020-55

LIBRARY ARCHIVES Kerala Legislative Assembly